# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.2213 - 18/03/2015 - ലെ മറുപടിക്ക്**

**<u>സർക്കാരിന്റെ നിത്യ നിദാന ചെലവുകൾക്ക് കടമെടുത്ത തുക</u>**

<table>
<tr><td><u>ചോദ്യം</u><br><br>ശ്രീ. ഇ.ചന്ദ്രശേഖരൻ</td><td><u>ഉത്തരം</u><br><br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും കടം എടുത്ത തുക എത്രയാണെന്ന് വ്യക്തമാക്കാമോ;</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്ത കടം (തനി) സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)
<table>
<tr><th>വർഷം</th><th>കടം</th></tr>
<tr><td>2011-12</td><td>10744.94</td></tr>
<tr><td>2012-13</td><td>14142.66</td></tr>
<tr><td>2013-14</td><td>15448.23</td></tr>
<tr><td>2014-15 **</td><td>9085.98</td></tr>
</table>
**ഡിസംബർ 31, 2014 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം</td></tr>
<tr><td>(ബി) 2014 ഏപ്രിൽ ഒന്നു മുതൽ നാളിതുവരെ എടുത്ത കടം ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണെന്ന് വിശദമാക്കാമോ;</td><td>2014 ഏപ്രിൽ 1 മുതൽ 2014 ഡിസംബർ 31 വരെ 9085.98 കോടി രൂപ കടം (തനി) എടുത്തിട്ടുണ്ട്. ഇതിൽ 8158.69 കോടി രൂപ ആഭ്യന്തരകടവും 447.26 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നുള്ള കടവും 480.03 കോടി രൂപ പ്രോവിഡന്റ് ഫണ്ട്, ലഘുസമ്പാദ്യം എന്നിവയിൽ നിന്നും എടുത്തതുമാണ്.</td></tr>
<tr><td>(സി) കടമെടുത്ത തുക നിത്യ നിദാന ചെലവുകൾക്ക് ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?</td><td>കടമെടുക്കുന്ന തുക പ്രധാനമായും വികസന ചെലവുകൾക്കും ഉൽപാദനപരമായ ആവശ്യങ്ങൾക്കുമാണ് ചെലവഴിക്കുന്നത്.</td></tr>
</table>

*സെക്ഷൻ ഓഫീസർ*